# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 207 09.03.2015-ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് നടക്കുന്ന മതപരിവർത്തനം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. കെ. ബാലൻ | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) സംസ്ഥാനത്ത് മതപരിവർത്തനം നടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എവിടെയെല്ലാമാണ് റിപ്പോർട്ട് ചെയ്യിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ കരീലക്കുളങ്ങര, കണിച്ചനെല്ലൂർ ലക്ഷ്മി നാരായണ കുടുംബ ക്ഷേത്രം, കായംകുളം ദേവികുളങ്ങര പഞ്ചായത്തിലെ പിഴവൂർ കുടുംബം വക യക്ഷിയമ്പലം, കോട്ടയം ജില്ലയിലെ രാമപുരം അരീക്കര എസ്. എൻ. ഡി. പി. ശ്രീ നാവായ സുബ്രഹ്മണ്യ ക്ഷേത്രം, പൊൻകുന്നം പുതിയകാവ് ദേവി ക്ഷേത്രം, തിരുനക്കര ശ്രീകൃഷ്ണ ക്ഷേത്രം കുറവിലങ്ങാട് ഉഴവൂർ കാര്യനെല്ലി ദേവി ക്ഷേത്രം, ചിങ്ങവനം ചോഴിയക്കാട് ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം, തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി പാർളിക്കാട് നടരാജഗിരി ക്ഷേത്രം എന്നീ സ്ഥലങ്ങളിൽ മത പുനർപരിവർത്തനം നടന്നതായി റിപ്പോർട്ട് ചെയ്യിട്ടുണ്ട്. |
| ബി) ഇതു സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പരാതികൾ ലഭിച്ചു എവിടെനിന്നുമാണ് പരാതി ലഭിച്ചത്, എത്ര കേസുകൾ രജിസ്റ്റർ ചെയ്തു, ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലാണ് കേസ് രജിസ്റ്റർ ചെയ്യിട്ടുള്ളത് എന്നിവ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) ഇതു സംബന്ധിച്ച് പരാതികൾ ഒന്നു തന്നെ ലഭിച്ചിട്ടില്ല, ആയതിനാൽ കേസുകൾ ഒന്നും തന്നെ രജിസ്റ്റർ ചെയ്യിട്ടില്ല. |
| സി) ഘർവാപസി കേരള ഘടകം സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായും പുനർമതപരിവർത്തനത്തിന് ഹെൽപ്പ് ലൈൻ പ്രവർത്തിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) ഘർവാപസി ഘടകം കേരളത്തിൽ പ്രവർത്തിക്കുന്നതായോ പുനർ മതപരിവർത്തനത്തിനു ഹെൽപ്പ് ലൈൻ പ്രവർത്തിപ്പിക്കുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ